ഇലക്ട്രോണിക് മീറ്ററുകൾ

*24 [312] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മീറ്ററുകൾ ഉപഭോക്താക്കൾക്ക് സ്വന്തം ചെലവിൽ വാങ്ങിവയ്ക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി). ഈ വ്യവസ്ഥകൾ വൈദ്യുതി ബോർഡ് നേരിട്ട് സ്ഥാപിക്കുന്ന ഇലക്ട്രോണിക് മീറ്ററുകൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ വ്യവസ്ഥകൾ വൈദ്യുതി ബോർഡ് നേരിട്ട് സ്ഥാപിക്കുന്ന ഇലക്ട്രോണിക് മീറ്ററുകൾക്കുംകൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 1. ഇലക്ട്രോണിക് മീറ്ററുകൾ ഐ. എസ്. ഐ. മുദ്രയുള്ളതായിരിക്കണം.

2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ടെസ്റ്റ് ചെയ്തതായിരിക്കണം.

3. ക്ലാസ്-1 ആക്കുറസി (കൃത്യത) ഉള്ളതായിരിക്കണം.

4. കേടായ മീറ്റർ ഉപഭോക്താവ് തന്നെ മാറ്റണം.

(ബി, സി) ഇലക്ട്രിസിറ്റി ബോർഡ് BIS മാർക്കുള്ളതും ISO സർട്ടിഫിക്കറ്റുള്ളതുമായ കമ്പനികളിൽ നിന്നു മാത്രമേ മീറ്ററുകൾ വാങ്ങാറുള്ളൂ. ഇപ്രകാരം വാങ്ങുന്ന മീറ്ററുകൾ ഉപഭോക്താക്കളുടെ പരിസരങ്ങളിൽ സ്ഥാപിക്കുന്നതിനുമുമ്പേ ബോർഡിൽ നിലവിലുള്ള സാങ്കേതിക സൗകര്യങ്ങളുപയോഗിച്ച് IS അനുസരിച്ചുള്ള എല്ലാ ടെസ്റ്റുകളും പൂർത്തിയാക്കി മീറ്ററുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടതിനു ശേഷം മാത്രമേ സ്ഥാപിക്കാൻ നൽകാറുള്ളൂ.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ബോർഡിന്റെ പ്രസരണ വിതരണ നഷ്ടം ലഘൂകരിക്കുന്നതിനുള്ള പ്രഖ്യാപിത പദ്ധതികൾ

1 [1990] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, പി. ജയരാജൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രസരണ വിതരണ നഷ്ടം ലഘൂകരിക്കുന്നതിന് ഗവൺമെന്റിന്റെ പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly